(സി) പുതിയ കൗൺസിൽ നിലവിൽ വന്നശേഷം ഏറ്റെടുത്തു നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്.*

തിരുവനന്തപുരത്തെ രാജീവ്ഗാന്ധി ബയോടെക്നോളജി സെന്റർ ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്താൻ നടപടി

16 (3752) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ രാജീവ് ഗാന്ധി ബയോടെക്നോളജി സെന്റർ ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നകാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്രഗവൺമെന്റിന്റെ ബയോടെക്നോളജി വകുപ്പ് രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിന് നൽകുന്ന പ്രോഗ്രാം സപ്പോർട്ട് 2004 ഡിസംബർ വരെ നീട്ടി തന്നിട്ടുണ്ട്. ഈ കാലാവധി തീരുന്ന മുറയ്ക്കേ ടി സെന്ററിനെ നാഷണൽ സെന്ററായി ഉയർത്തുന്ന കാര്യം പരിഗണക്കൂ എന്നാണ് നേരത്തെ തീരുമാനിച്ചിരുന്നതെങ്കിലും ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടു വരുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

ഭരണ നവീകരണ പദ്ധതി

17 (3753) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഭരണ നവീകരണ പദ്ധതിയുടെ ഉദ്ദേശങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ ;

(ബി) ഈ പദ്ധതി ഏതൊക്കെ മേഖലകളിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) എ.ഡി.ബി.യുടെ നിർദ്ദേശമനുസരിച്ചാണോ ഭരണ നവീകരണ പദ്ധതി നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) എത്ര കോടി രൂപയാണ് ഈ പദ്ധതിയിൽ ചിലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പിനായി കൺസൾട്ടൻസിയെ തിരഞ്ഞെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ കൺസൾട്ടൻസി തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദമാക്കാമോ ;

(എഫ്) എ.ഡി.ബി.യുടെയോ ഡച്ച് സർക്കാരിന്റെയോ മേൽനോട്ടം ഭരണനവീകരണ പദ്ധതി നടത്തിപ്പിൽ ഉണ്ടോ ; ഡച്ച് സർക്കാർ പദ്ധതി നടത്തിപ്പിനായി കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സർക്കാരിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചതാണ് സർക്കാർ നവീകരണ പരിപാടി. സർക്കാർ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും സേവനം സജീവവും കാര്യക്ഷമവും ഉത്തരവാദിത്വപൂർണ്ണവും വ്യാപകവുമായി പൗരന്മാർക്ക് ലഭ്യമാക്കുന്നതിനാണ് ഇത് ഊന്നൽ നൽകുന്നത്. പത്താം പഞ്ചവത്സര പദ്ധതി ലക്ഷ്യമിട്ടിരിക്കുന്ന മാനവശേഷി വികസനവും ദാരിദ്ര്യനിർമ്മാർജ്ജനവും എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ ഈ നവീകരണം ഉപകരിക്കും.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നത് താഴെപ്പറയുന്ന അഞ്ചുമേഖലകളിലാണ്.

1. ദരിദ്രർക്കും അധഃസ്ഥിതർക്കും അടിസ്ഥാന സേവന സൗകര്യങ്ങൾ ഉറപ്പാക്കുക.
2. വികസനത്തിന് ഉതകുന്ന പരിസ്ഥിതി സൃഷ്ടിക്കുക.
3. സംസ്ഥാന സർക്കാരിനും/പ്രാദേശിക സ്വയംഭരണ സർക്കാരുകൾക്കും സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുക.
4. സർക്കാർ ഭരണത്തിന്റെ കഴിവും കാര്യക്ഷമതയും വർദ്ധിപ്പിക്കുക.
5. വികേന്ദ്രീകരണത്തിൽ ഊന്നൽ കൊടുത്തുകൊണ്ട് കാര്യക്ഷമവും ഫലപ്രദവും പ്രാപ്യവുമായ പ്രാദേശിക സ്വയംഭരണ സർക്കാരുകൾ കെട്ടിപ്പടുക്കുക.

(സി) എ.ഡി.ബി. നിർദ്ദേശമനുസരിച്ചല്ല ഭരണ നവീകരണ പരിപാടി നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഭരണ നവീകരണ ആശയങ്ങൾക്ക് എ.ഡി.ബി. വായ്പാസഹായം നൽകുകയായിരുന്നു.

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിൽ എം.ജി.പി. പദ്ധതികൾക്കു വേണ്ടി 513 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ഇ) ഈ പദ്ധതി നടത്തിപ്പിനായി കൺസൾട്ടൻസിയെ തിരഞ്ഞെടുത്തിട്ടില്ല.

(എഫ്) ഭരണ നവീകരണ പദ്ധതി നടത്തിപ്പിൽ എ.ഡി.ബി.യുടെയോ ഡച്ച് സർക്കാരിന്റെയോ മേൽനോട്ടം ഇല്ല. ഡച്ച് സർക്കാർ പദ്ധതി നടത്തിപ്പിനായി കൺസൾട്ടൻസിയെ നിയമിച്ചിട്ടില്ല. എന്നാൽ പദ്ധതി വിലയിരുത്തൽ സംവിധാന

LIBRARY ARCHIVES Kerala Legislative Assembly

(Project Performance Management System) രൂപീകരണത്തിന് സാങ്കേതിക ഉപദേശം നൽകുന്നതിനായി ഡച്ച് ഗവൺമെന്റിന്റെ സഹായത്തോടെ കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ട്.

ഭരണ നവീകരണം-സർവ്വീസ് ദാതാവിനെ നിയമിക്കാനുള്ള നടപടി

18 (3754) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പരിപാടികൾക്കായി സർവ്വീസ് ദാതാവിനെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്ത് മാനദണ്ഡപ്രകാരമാണ് ഈയാളെ നിയമിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി എ.ഡി.ബി. യിൽ നിന്നോ മറ്റു വിദേശ ഏജൻസികളിൽ നിന്നോ സർവ്വീസ് ദാതാവിനെ നിയമിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) സർവ്വീസ് ദാതാവിന്റെ അധികാരങ്ങളും ജോലികളും ശമ്പളവും ബത്തകളും എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിന് നിയോഗിക്കുന്ന ആൾ സംസ്ഥാന സർവ്വീസിൽ നിന്നാണോ വിദേശ സർവ്വീസിലുള്ളയാണോ എന്നും, പ്രസ്തുത വ്യക്തിയെ തെരെഞ്ഞടുക്കുന്ന ഏജൻസി ആരാണ് എന്നും വ്യക്തമാക്കുമോ ;

(എഫ്) ഭരണ നവീകരണം ഏതെല്ലാം തലങ്ങളിൽ എപ്രകാരം നടത്തുന്നത് സംബന്ധിച്ച പഠനമാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാർ നവീകരണ പരിപാടിയുടെ നടത്തിപ്പിൽ എപ്പോഴെങ്കിലും വിദഗ്ദ്ധരുടെ സേവനം ആവശ്യമായി വരികയാണെങ്കിൽ സംസ്ഥാന സർക്കാർ ഔദ്യോഗികമായി അഭ്യർത്ഥിക്കുന്നമുറയ്ക്ക് വിദഗ്ദ്ധ സേവനം ലഭ്യമാക്കാൻ വേണ്ടി ഒരു സേവന ദാതാവിനെ കണ്ടെത്താൻ നെതർലാന്റ് സർക്കാരിന്റെ സഹായ വാഗ്ദാനം ലഭിച്ചിട്ടുണ്ട് ഇതിനുവേണ്ടി വരുന്ന ചെലവ് അവർ തിരിച്ചടയ്ക്കേണ്ടതില്ലാത്ത ഗ്രാന്റായി നൽകുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഡച്ച് എംബസി നിർണ്ണയിച്ച മാനദണ്ഡപ്രകാരമാണ് (Terms of Reference) സേവന ദാതാവിനെ തെരഞ്ഞെടുക്കുക. സാങ്കേതിക പരിജ്ഞാനവും, ഈ രംഗത്തെ അനുഭവവും വിലയിരുത്തിയ ശേഷം ഏറ്റവും കുറഞ്ഞ ഓഫർ നൽകുന്ന ഏജൻസിക്കാവും കരാർ നൽകുക.

(സി) ഡച്ച് എംബസി സേവന ദാതാവിനെ തിരഞ്ഞെടുക്കാൻ ടെണ്ടർ വിളിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന് പ്രത്യേകം നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly